പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:1659 14.12.2012-ൽ മറുപടിയ്ക്ക്

ഗസറ്റിന്റെ കോപ്പി എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ പ്രസിദ്ധീകരിക്കുന്ന ഗസറ്റിന്റെ കോപ്പി എം.എൽ.എ. മാർക്ക് ലഭിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട് |
| (ബി) ഗസറ്റ് ലഭിക്കാതിരിക്കുന്നതിനുള്ള കാരണം എന്താണെന്നും, ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ? | (ബി) ഗസറ്റുകൾ തപാൽ മുഖേന കൺസഷൻ നിരക്കിൽ അയക്കുന്നതിന് RNI രജിസ്ട്രേഷൻ ആവശ്യമാണെന്ന് തപാൽ വകുപ്പ് അറിയിച്ചതനുസരിച്ച് ടി രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനുള്ള കാലതാമസംകൊണ്ടാണ് ഗസറ്റുകൾ സമയബന്ധിതമായി അയക്കുവാൻ സാധിക്കാത്തത്. RNI രജിസ്ട്രേഷൻ ലഭ്യമായതിനുശേഷം ഗസറ്റ് നമ്പർ പുനക്രമീകരിക്കേണ്ടി വന്നതും കാലതാമസത്തിനിടയാക്കിയിട്ടുണ്ട്. ഇപ്രകാരം മുടക്കം വന്ന ഗസറ്റുകളും ഇപ്പോൾ പ്രസിദ്ധീകരിക്കുന്നതും ഉൾപ്പെടെ തപാൽ മുഖേന അയച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

Girija Kumari P.
സെക്ഷൻ ഓഫീസർ